**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2710** **06-10-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ കക്കാട് മുതൽ കോഴിച്ചെന വരെയുള്ള പ്രദേശത്ത് ഹൈവേയുടെ വശത്തുള്ള സ്വകാര്യ ഭൂമിയിലൂടെ കടന്നുപോകുന്ന വൈദ്യുതി മെയിൻ ലൈനുകൾ അപകടസാധ്യത കണക്കിലെടുത്ത് മാറ്റി സ്ഥാപിക്കണമെന്ന ആവശ്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | കക്കാട് മുതൽ കോഴിച്ചെന വരെ സ്വകാര്യ വ്യക്തികളുടെ ഭൂമിയിലൂടെ കടന്നു പോകുന്ന 11 കെ.വി ലൈനിന്റെ വർക്ക് ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചതാണ്. കൂടാതെ അപകട സാധ്യതയുള്ള എച്ച്.ടി കേബിളുകൾ എല്ലാം തന്നെ A പോൾ ഉപയോഗിച്ച് മാറ്റി സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സ്വകാര്യ വ്യക്തികൾ അപേക്ഷകൾ നൽകിയതനുസരിച്ച് എച്ച്.ടി ലൈൻ മാറ്റിസ്ഥാപിച്ചിട്ടുണ്ട്. പൂക്കിപ്പറമ്പ് സ്കൂളിനു സമീപത്തുള്ള ഒരു കിലോമീറ്റർ എച്ച്.ടി ലൈൻ റോഡിലേക്ക് മാറ്റി സ്ഥാപിക്കുകയും അപകടസാധ്യതയുള്ള ഭാഗത്തെ ലൈൻ അഴിച്ചു മാറ്റുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ ചെലവുകൾ വൈദ്യുതി ബോർഡ് വഹിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | സ്വകാര്യ വ്യക്തികളുടെ പറമ്പിലൂടെ കടന്നു പോകുന്ന ലൈൻ ഡെപ്പോസിറ്റ് സ്കീമിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാവുന്നതാണ്. ബോർഡിന്റെ നിലവിലുള്ള ദ്യുതി സ്കീമിൽ ഇതിനുള്ള എസ്റ്റിമേറ്റ് ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ